
# ബൈബിൾ സത്യം



# THE BIBLE TRUTH

# FIVE BAPTISMS OF THE NEW TESTAMENT

| | NATURE | PURPOSE | BY | SUBJECTS | ELEMENT | ACT | DURATION |
|---|---|---|---|---|---|---|---|
| JOHN'S | Commandment Lk. 7:29,30 | To prepare for Messiah Jn. 1:31 Lk. 3:3-6 Acts 19:4 | John Mk. 1:5 | Penitent Jews Mk. 1:4,5 | Water Jn. 1:26 | Immersion Mk. 1:10 Jn. 3:23 | Ceased before cross Acts 19:3-5 |
| SUFFERING | Experience Mk. 10:38,39 | 1. To bring salvation. I Pet. 2:24 II Cor. 1:5,6 2. Resulting glory Heb. 12:2 II Tim. 2:12 | Wicked Men Acts 2:23 II Thess. 3:1,2 | 1. Jesus Mk. 10:38 2. His followers Mk. 10:39 | Suffering Mk. 10:39 | Overwhelming Matt. 27:46,50 | 1. On the cross Matt. 27:50 2. Till Jesus returns II Tim. 3:12 |
| HOLY SPIRIT | Promise Acts 1:4,5 | 1. To empower for special work Acts 1:8; Jn. 16:13 Jn. 14:26; II Cor. 12:12 2. To prove God's acceptance of Gentiles Acts 11:15-18 | Christ Matt. 3:11 | 1. Apostles Acts 2:1-4 2. Cornelius' household Acts 11:15,16 | Holy Spirit Matt. 3:11 | Overpowering Matt. 10:19,20 Acts 2:4 | Occurred but twice Acts 2,10 Each a special case |
| FIRE | Warning Mat. 3:11,12 | Punishment Matt. 25:45,46 | Christ Matt. 3:11 | Wicked Matt. 3:10 II Thess. 1:7,8 | Fire Matt. 3:11 | Overwhelming Rev. 20:15 | Everlasting Matt. 25:41 |
| GREAT COMMIS- | Commandment Matt. 28:19 | Forgiveness Acts 2:38 | Disciples Matt. 28:19 | Penitent believers Mk. 16:16 | Water Acts 8:36-39 | Immersion Rom. 6:3-5 | Till end Matt. 28:19,20 |

// THE BIBLE TRUTH

Editors

P. K. VARGHESE J. C. CHOATE

ooo ooo ooo

Published by Church of Christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 13 January 2000 No. 10

## എഡിറ്റോറിയൽ

വിവാദങ്ങൾ ഈ കാലത്തു വർദ്ധിച്ചു വരികയാണല്ലൊ. പല വിധത്തിലുള്ള വാദവും പ്രതിവാദവും നടന്നു വരുന്നുണ്ട്. വാർത്താമാദ്ധ്യമങ്ങൾ ശ്രദ്ധിച്ചാൽ നമുക്കതു വ്യക്തമാകും. ഒരു മേഖലയെയും അതു പിടികൂടാതിരിക്കുന്നില്ല. മനുഷ്യ ജീവിതത്തിൽ അനുദിനം കാണപ്പെടുന്ന വിവാദ വിഷയങ്ങളിൽ ചിലതും അതിന്റെ കാരണങ്ങളും പരിഹാരവും നമുക്കു പരിഗണിക്കാവുന്നതാണ്. നിയമ രഹിതമായ പ്രവർത്തനങ്ങളെയും അപവാദങ്ങൾ പരക്കുന്നതിനെയും നമുക്ക് എടുക്കാം. ദൈവസൃഷ്ടികളായ മനുഷ്യർ, സൃഷ്ടികർത്താവായ ദൈവത്തോടുള്ള ബന്ധം മറക്കുന്നതാണ് പ്രശ്നത്തിന്റെ ആരംഭം. ദൈവത്താൽ വിലക്കപ്പെട്ട ഏതൊന്നു ചെയ്താലും അതിന്റെ ഫലം ദുഃഖകരമായിരിക്കും. ആരംഭം മുതൽ അതു സംഭവിക്കുന്നുമുണ്ട്. നേരായ ചിന്തകൾക്കു പകരം തെറ്റായ ചിന്തകൾ മനസിൽ കടന്നു കൂടുകയും അതു പ്രവർത്തിയിൽ കൊണ്ടു വരികയും ചെയ്യുന്നു. കർമ്മം ഒരാൾ തിരഞ്ഞെടുക്കുന്നതാണ്. ആ തിരഞ്ഞെടുപ്പ് ആലോചനാ പൂർവ്വമല്ലെങ്കിൽ അതു നമുക്കു ദോഷമായി ഭവിക്കാം. ആരും അറിഞ്ഞുകൊണ്ടു വിവാദത്തിനായി പരിശ്രമിക്കാറില്ല. അതു വരുമ്പോഴാണ് നാം ആ വശത്തെ കുറിച്ച് ചിന്തിക്കുന്നത്.

അടുത്ത സമയത്തു വിവാഹ പ്രായമെത്താത്ത ഒരു പെൺകുട്ടി ഒരു പുരോഹിതനാൽ ഗർഭിണിയാവുകയും, മ

ത കോടതി പുരോഹിതനെ നാമമാത്രമായി ശിക്ഷിക്കുകയും ചെയ്തതായ വാർത്ത വിവാദം സൃഷ്ടിച്ചിരുന്നു. ഇത്തരം കുററകൃത്യങ്ങൾ മുൻപും ഉണ്ടായിട്ടുണ്ട്. എന്നാൽ ഇത്തരം അധാർമ്മികതയുടെ കാരണത്തിലേക്കു അവർ കടക്കുന്നില്ല. അതു കണ്ടെത്താതെയുള്ള ശിക്ഷ ഒരു പ്രയോജനവും ചെയ്യുകയില്ല. പുരോഹിതന്മാർക്കും കന്യാസ്ത്രീകൾക്കും വിവാഹം വിലക്കുന്നതു കൊണ്ടാണ് ഇങ്ങനെയുള്ള സംഭവങ്ങൾ തുടരെ തുടരെ ഉണ്ടാകുന്നതു. അതുമൂലം കൊലപാതകങ്ങൾ പോലും നിരവധിയുണ്ടായിട്ടുണ്ട്. ആരെയും വിവാഹം കഴിക്കുന്നതിൽ വിലക്കു കല്പിക്കരുത് എന്നാണ് ദൈവത്തിന്റെ പ്രമാണം. അതിനു വിപരീതമായി മതം പ്രവർത്തിക്കുമ്പോൾ പാപവിവാദങ്ങൾ കുറയാൻ പോകുന്നില്ല. ഗർഭിണിയായി തീർന്ന പെൺകുട്ടിക്കു വേണ്ടത്ര നഷ്ടപരിഹാരം കൊടുത്തില്ല എന്നെല്ലാം പലരും പറയുന്നതു കേട്ടു. വിവാഹ പ്രായമെത്തുമ്പോൾ അവർ തമ്മിൽ വിവാഹം കഴിച്ച് ചെയ്ത തെററിനു പ്രായശ്ചിത്തം ചെയ്യണം. മേലിൽ ഇതുപോലുള്ള സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ സമൂലമായ മാററം വരുത്താൻ മതം തയ്യാറാകണം.

നിരപരാധികളെ പ്രസ്താവനകളിറക്കി അപകീർത്തിപെടുത്തുന്നതു ഇന്നു പരക്കെ നടക്കുന്ന ഒന്നാണ്. സ്വന്തം താല്പര്യങ്ങളെ നിലനിർത്തികൊണ്ടു പോകാനോ അല്ലെങ്കിൽ സ്വയം തെററുകാരനല്ലെന്നു ബോധ്യപ്പെടുത്താനോ വേണ്ടിയാകാം ഇതു ചെയ്യുന്നതു, അല്ലെങ്കിൽ പ്രതികാരമായിട്ടാകാം. എങ്ങനെയായാലും ഒരപകീർത്തി ആരെയെല്ലാം എങ്ങനെയെല്ലാം അതു ബാധിക്കുമെന്നു ചിന്തിക്കണം. മററൊരാളെ വേദനിപ്പിക്കുന്നതും വൃണപ്പെടുത്തുന്നതുമായ പ്രചരണം ഒരിക്കലും ഗുണം ചെയ്യുകയില്ല. അറിവില്ലാത്തതോ കേട്ടുകേൾവിയോ ആയ കാര്യങ്ങളെ നാം ആയുധമായി എടുക്കരുത്.

★

# സുവിശേഷം എന്നാൽ എന്ത്

J. C. ചോട്ട്

ലോകത്തിൽ എങ്ങും പ്രതിധ്വനിച്ചു കേൾക്കുന്ന പദമാണല്ലൊ സുവിശേഷം. എന്നാൽ അതു വാസ്തവത്തിൽ എന്താണെന്നു അറിഞ്ഞിട്ടില്ലാത്തവർ കണ്ടേക്കാം. സുവിശേഷം എന്ന വാക്ക് നല്ല വിശേഷം, സുവാർത്ത എന്നിങ്ങനെ നിർവ്വചിക്കപ്പെട്ടിട്ടുണ്ട്. നന്മ സുവിശേഷിക്കുന്നവരുടെ കാൽ എത്ര മനോഹരം എന്നു എഴുതിയിരിക്കുന്നു (റോമർ 10:15). ഈ ലോകത്തിൽ വെച്ച് ചെയ്യാവുന്ന ഏററവും വലിയ നന്മയാണ് ഒരു വ്യക്തിയുടെ നിത്യമായ നഷ്ടം ഒഴിവാക്കുക എന്നതു. പക്ഷെ അതെങ്ങനെയാണെന്നു ആളുകൾ തിരിച്ചറിയണം. അതിനു വേണ്ടിയാണ് ദൈവം സുവിശേഷം രൂപപ്പെടുത്തിയിരിക്കുന്നത്.

ക്രിസ്തുവിൻെറ സുവിശേഷത്തിനു വളരെ പ്രാധാന്യമുണ്ട്. നാം മരിക്കേണ്ട സ്ഥാനത്തു നമുക്കു വേണ്ടി മരിച്ചുകൊണ്ടാണ് അവൻ സ്നേഹത്തെ പ്രദർശിപ്പിച്ചത് പാപത്തിനുള്ള ശിക്ഷ മരണമാണ്. നാം അനുഭവിക്കേണ്ടതായ മരണം അവൻ നമുക്കു വേണ്ടി സ്വയം ഏറെറടുത്തു. അടക്കപ്പെടുകയും മൂന്നാം നാൾ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തു. മരണത്തെ അതിജീവിച്ച് ഉയിർത്തെഴുന്നേററ കർത്താവ് നമുക്കു ഒരു ഉയിർപ്പ് സാദ്ധ്യമാക്കി തീർത്തു. അങ്ങനെയാണ് പാപികളെ രക്ഷിക്കുന്നതിനുള്ള ഒരു വഴി അവൻ ഒരുക്കിയത്. നിത്യ ജീവൻെറ പ്രത്യാശ മനുഷ്യർക്കു ലഭ്യമാക്കിയ ദൂത് ഏവരേയും സന്തോഷിപ്പിക്കുന്നതാണ്. പാപത്തിനു തക്ക ശിക്ഷ നടപ്പാക്കാതെ നിസാരമായ നിബന്ധനകളിലൂടെയാണ് ദൈവം ഇന്നു മനുഷ്യരെ രക്ഷിക്കുന്നത്.

യേശുവിനാൽ വിളിക്കപ്പെട്ട അപ്പൊസ്തലനായിരുന്ന പൌലൊസ് കൊരിന്ത്യർക്കു ലേഖനം എഴുതിയപ്പോൾ

സുവിശേഷത്തിലെ വസ്തുതകൾ വെളിപ്പെടുത്തി കൊടുക്കുന്നുണ്ട്. ''എന്നാൽ സഹോദരന്മാരേ, ഞാൻ നിങ്ങളോടു സുവിശേഷിച്ചതും നിങ്ങൾക്കു ലഭിച്ചതും നിങ്ങൾ നില്ക്കുന്നതും നിങ്ങൾ വിശ്വസിച്ചതും വ്യർത്ഥമല്ലെന്നു വരികിൽ നിങ്ങൾ രക്ഷിക്കപ്പെടുന്നതുമായ സുവിശേഷം നിങ്ങൾ പിടിച്ചു കൊണ്ടാൽ ഞാൻ ഇന്ന വിധം നിങ്ങളോടു സുവിശേഷിച്ചിരിക്കുന്നു എന്നു നിങ്ങളെ ഓർപ്പിക്കുന്നു. ക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു, അടക്കപ്പെട്ടു തിരുവെഴുത്തിൻ പ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേററു കേഫാവിനും പിന്നെ പന്തിരുവർക്കും പ്രത്യക്ഷനായി എന്നിങ്ങനെ ഞാൻ ഗ്രഹിച്ചതു ആദ്യമായി നിങ്ങൾക്കു ഏല്പിച്ചു തന്നുവല്ലോ'' (1 കൊരിന്ത്യർ 15:1-5).

തിരുവെഴുത്തുകൾ എന്നു പറഞ്ഞിരിക്കുന്നതു ദൈവവചനമാണ്. ദൈവ വചന പ്രകാരമാണ് യേശു ഇതെല്ലാം ചെയ്തതു എന്നു വ്യക്തമാണ്. സുവിശേഷത്തെ നാം കേട്ടു വിശ്വസിക്കണം. അതിനു വേണ്ടിയാണ് അതിലെ വസ്തുതകൾ തെളിയിക്കപ്പെട്ടിരിക്കുന്നത്. തന്നെയുമല്ല, സുവിശേഷത്തിൽ കല്പനകളും ഉൾപ്പെട്ടിട്ടുണ്ട്. അതു എല്ലാവരും അനുസരിക്കേണ്ടതിനാണ് തന്നിരിക്കുന്നത്. യേശു സ്വർഗ്ഗാരോഹണം ചെയ്തു പിതാവിൻെറ അടുക്കൽ പോകുന്നതിനു മുൻപ് നല്കപ്പെട്ട കല്പനകൾ പ്രത്യേകം ശ്രദ്ധിക്കുക. രക്ഷ പ്രാപിക്കുവാൻ ആഗ്രഹിക്കുന്ന ഏതൊരാളും ഇതിൻ പ്രകാരം ജീവിക്കേണ്ടതു അത്യാവശ്യമാണ് (പ്രവൃത്തി 1:9-11). യേശു തൻെറ ശിഷ്യന്മാരോടു അരുളിച്ചെയ്തതു: നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിപ്പിൻ എന്നാണ് (മർക്കൊസ് 16:15). തീർച്ചയായും അവർ യേശുവിൻെറ മരണം, അടക്കം, ഉയിർപ്പ് എന്നിവയെ ജനങ്ങളോടു അറിയിക്കേണ്ടിയിരുന്നു. അതോടൊപ്പം തന്നെ യേശു കല്പിച്ച കല്പനകൾ ഒക്കെ പ

രിപ്പിക്കുവാനും ആജ്ഞാപിച്ചിരുന്നു. വിശ്വസിക്കയും സ്നാനമേല്ക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും എന്ന വ്യവസ്ഥയും അറിയിക്കാൻ ആവശ്യപ്പെട്ടിരുന്നു (മർക്കൊസ് 16:16).

ദൈവശ്വാസീയ എഴുത്തുകാരനായിരുന്ന പൌലൊസ് തെസലൊനിക്യ സഭയിലെ അംഗങ്ങൾക്കു എഴുതിയതു ഇപ്രകാരം ആയിരുന്നു. ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിൻെറ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ നിങ്ങളെ പീഡിപ്പിക്കുന്നവർക്കു പീഡയും പീഡ അനുഭവിക്കുന്ന നിങ്ങൾക്കു ഞങ്ങളോടു കൂടെ ആശ്വാസവും പകരം നല്കുന്നതു ദൈവ സന്നിധിയിൽ നീതിയല്ലൊ. ആ ദിവസം ഉളിൽ അവൻ തൻെറ വിശുദ്ധന്മാരിൽ മഹത്വപ്പെടേണ്ടതിനും ഞങ്ങളുടെ സാക്ഷ്യം നിങ്ങൾ വിശ്വസിച്ചതുപോലെ വിശ്വസിച്ച എല്ലാവരിലും താൻ അതിശയ വിഷയം ആകേണ്ടതിനും വരുമ്പോൾ സുവിശേഷം അനുസരിക്കാത്തവർ കർത്താവിൻെറ സന്നിധാനവും അവൻെറ വല്ലഭത്വത്തോടു കൂടിയ മഹത്വവും വിട്ടകന്നു നിത്യ നാശം എന്ന ശിക്ഷാവിധി അനുഭവിക്കും (2 തെസലൊനിക്യർ 1:7-9).

അന്ത്യനാളിൽ ഒരു ന്യായവിധി ഉണ്ട് (യോഹന്നാൻ 12:48). പത്രൊസ് മുന്നറിയിച്ചിരിക്കുന്ന യാഥാർത്ഥ്യം ഓർമ്മിക്കുക. ന്യായവിധി ദൈവ ഗൃഹത്തിൽ ആരംഭിപ്പാൻ സമയമായല്ലൊ. അതു നമ്മിൽ തുടങ്ങിയാൽ സുവിശേഷം അനുസരിക്കാത്തവരുടെ അവസാനം എന്താകും? (1 പത്രൊസ് 4:17). സുവിശേഷമാണ് മനുഷ്യ രക്ഷക്കു ദൈവം വെച്ചിരിക്കുന്ന ഉപനിധി. വിശ്വസിക്കുന്നവർക്കു അതു ദൈവ ശക്തിയാണ്. ആത്മാവിൻെറ മോചനവും നിത്യ വീണ്ടെടുപ്പും ആഗ്രഹിക്കുന്നവൻ സുവിശേഷം അനുസരിക്കുക തന്നെ ചെയ്യും. ദൈവ പുത്രനെ അനുസരിക്കാത്തവൻ ജീവനെ കാണുകയില്ല. പലരും തങ്ങളുടെ

ആത്മീയ ജീവിതം അലക്ഷ്യമായി കണക്കാക്കുന്നുണ്ട്. അവസാനം അവർക്കു ദുഃഖിക്കേണ്ടി വരും.

സുവിശേഷം അനുസരിക്കാൻ ഒരുങ്ങുന്ന ഒരാൾ, യേശുവിൻെറ മരണം, അടക്കം, ഉയിർപ്പ് എന്നിവ മനസിൽ ധ്യാനിക്കണം. കാരണം അതാണ് സുവാർത്ത. അങ്ങനെ ദൈവത്തിലും അവൻെറ പുത്രനായ യേശുവിലും പൂർണ്ണമായ വിശ്വാസം അർപ്പിക്കണം. പിന്നെ അയാൾ തൻെറ പാപ ജീവിതത്തിൽ നിന്നു തിരിഞ്ഞു ദൈവ വഴിയിലേക്കു മാറണം. യേശു ദൈവ പുത്രനാണെന്ന വിശ്വാസത്തെ മനുഷ്യരോടു ഏററു പറയുകയും വേണം. അവസാനമായി അവൻെറ അടക്കത്തോടും ഉയിർപ്പിനോടും പങ്കുകാരനാകാൻ വെള്ളത്തിൽ പാപ ജഡത്തെ അടക്കു ചെയ്യണം. പാപമോചനത്തിനായുള്ള സ്നാനം ആണത്. ഇതു ജീവൻെറ പുതുക്കത്തിൽ നടക്കേണ്ടതിനാണ്. യേശു നമുക്കു കാണിച്ചു തന്നിരിക്കുന്ന മാതൃകയോടു ബന്ധപ്പെടുവാനായി അവൻെറ കല്പനകൾ അനുസരിക്കുമ്പോൾ അവൻ നമ്മെ രക്ഷിച്ച് അവൻെറ സഭയോടു ചേർക്കുന്നു (മർക്കൊസ് 16:15_16; പ്രവൃത്തി 2:38; റോമർ 10:10; പ്രവൃത്തി 2:47).

ഈ അനുസരണത്തെ കുറിച്ച് പൌലൊസ് പറഞ്ഞതു: എന്നാൽ നിങ്ങൾ പാപത്തിൻെറ ദാസന്മാർ ആയിരുന്നുവെങ്കിലും നിങ്ങളെ പഠിപ്പിച്ച ഉപദേശ രൂപത്തെ ഹൃദയ പൂർവ്വം അനുസരിച്ചു പാപത്തിൽ നിന്നു സ്വാതന്ത്ര്യം ലഭിച്ചു നീതിക്കു ദാസന്മാരായി തീർന്നതുകൊണ്ടു ദൈവത്തിനു സ്തോത്രം (റോമർ 6:17-18). സുവിശേഷം അനുസരിക്കുന്ന എല്ലാവരേയും ദൈവം രക്ഷിക്കും. നിങ്ങൾ സുവിശേഷം അനുസരിച്ചിട്ടുണ്ടോ ? ഇല്ലെങ്കിൽ ഇന്നു തന്നെ അനുസരിക്കുക. അങ്ങനെ നിത്യനാശം ഒഴിവാക്കുക.

★

# മനുഷ്യനെ ഓർക്കേണ്ടതിനു അവൻ എന്തു മാത്രം ?

W. A. ഫോളെ

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

സ്വർഗ്ഗത്തിൽ ചെല്ലുമ്പോഠം വിശുദ്ധന്മാർ പരസ്പരം അറിയുമോ ? അറിയും. ധനവാനെയും ലാസറെയും തമ്മിൽ വലിയൊരു പിളർപ്പ് വേർ തിരിച്ചെങ്കിലും അവർ പരസ്പരം തിരിച്ചറിഞ്ഞു. ഏലിയാവും മോശെയും നൂററാണ്ടുകഠക്കു മുൻപ് മരിച്ചെങ്കിലും അവരുടെ തിരിച്ചറിവ് പ്രകടമായിരുന്നു. അബ്രഹാം, ഇസ്ഹാക്ക്, യാക്കോബ് എന്നിവരും അങ്ങനെ തന്നെ.

ജഢിക ബന്ധത്തിനു സ്വർഗ്ഗത്തിൽ സ്ഥാനമില്ല. ഏഴു സഹോദരന്മാരെ വിവാഹം ചെയ്ത ഒരു സ്ത്രീ പുനരുത്ഥാനത്തിൽ ആരുടെ ഭാര്യയായിരിക്കും എന്ന ചോദ്യത്തിനു, അതിനുശേഷം വിവാഹമില്ല എന്നു യേശു പറയുന്നുണ്ട് (മത്തായി 22:23-33; മർക്കൊസ് 12:18-27; ലൂക്കൊസ് 20:27-39). ദൈവ ശക്തിയെയും തിരുവെഴുത്തുകളെയും കുറിച്ച് അറിവില്ലായ്കയാലത്രേ സദൂക്യർ തെററി പോകുന്നത് എന്നാണ് കർത്താവ് പറഞ്ഞത്.

എല്ലാ കാലത്തിലും ജീവിച്ച ദൈവ മക്കളുടെ ഒത്തൊരുമിക്കൽ നടക്കാൻ പോകയാണ്. ദൈവത്തെ അനുസരിക്കാതെ ജീവിച്ച ആളുകളൊക്കെയും ഒത്തുചേരും. അവസാനം ഒരു സ്ഥലത്തു രണ്ടു കൂട്ടമായി ജീവിക്കും. ദൈവത്തെ അനുസരിച്ച് ജീവിച്ചവർ ദൈവത്തോടു കൂടെയും മററുള്ളവർ ദൈവത്തിൽ നിന്ന് വിട്ടകന്നു നിത്യ ശിക്ഷയിലും ആയിരിക്കും. നിങ്ങഠം കർത്താവിൻെറ സുവിശേഷം അനുസരിച്ച് അവൻെറ സഭയിൽ വിശ്വസ്ഥമായി മരണ

ത്തോളം ജീവിച്ചാൽ പ്രത്യാശയുണ്ട്. അല്ലെങ്കിൽ മരണശേഷം നിങ്ങൾക്കു ഒന്നും ചെയ്യാൻ സാദ്ധ്യമല്ല എന്നോർക്കുക.

# എങ്കിൽ എന്ത്

## ജെറി-മനാസ്ക്കോ

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

രോഗികളായവരെ സന്ദർശിക്കുവാൻ എല്ലാവരും പോകുകയാണെങ്കിലോ, പുസ്തകങ്ങളും ലഘുലേഖകളും വിതരണം ചെയ്യുവാൻ എല്ലാവരും ഒരുമിച്ചു പരിശ്രമിച്ചാൽ വളരെ ഫലമുണ്ടാകും. സഭയിലെ അംഗങ്ങളുടെ ആവശ്യം ഭൗതികമാകട്ടെ, ആത്മീകമാകട്ടെ അതു നിറവേററുവാൻ എല്ലാ അംഗങ്ങളും ശ്രമിച്ചാൽ നിഷ്പ്രയാസം നടത്തിക്കൊടുക്കാം. മൂപ്പന്മാരായവർ എല്ലാവരും ഓരോ ആഴ്ച്ചയിലും സഭ ചെയ്യേണ്ടതായ കാര്യങ്ങൾ എല്ലാവരെയും ഓർപ്പിച്ചുണർത്തുകയും ഉപദേഷ്ടാവിൻെറ പ്രസംഗത്തോടു നൂറുശതമാനം യോജിച്ചു നില്ക്കുകയും വേണം. കർത്താവിനെ സേവിക്കുന്നതിൽ സഭയ്ക്കുള്ള കടമ ഒഴിച്ചുകൂടാനാവാത്തതാണ്. ദൈവം ആ ജോലി ഏല്പിച്ചിരിക്കുന്നതു സഭയെയാണ്.

എല്ലാവരും അന്യോന്യം പ്രബോധിപ്പിക്കയും അധികം അധികമായി അതു ചെയ്യുകയും വേണം. പ്രാപ്തിക്കുമീതെ എല്ലാ അംഗങ്ങളും ധർമ്മശേഖരത്തിൽ നല്കുവാൻ പഠിക്കണം. സഭയുടെ പ്രവർത്തനങ്ങൾ വിജയിക്കുവാൻ ധർമ്മശേഖരം കൂടിയേ തീരു. ആഴ്ച്ചവട്ടത്തിൻെറ ഒന്നാം നാളിൽ നാം എല്ലാവരും നമ്മുടെ ഹൃദയത്തിൽ നിശ്ചയിച്ച് കൂടുതൽ ദൈവത്തിനു കൊടുത്തു ദൈവത്തിൽ നിന്നു അധികം അനുഗ്രഹങ്ങൾ പ്രാപിക്കാനായി ഒരുങ്ങണം. എല്ലാ അംഗങ്ങളേയും ഒരുപോലെ സ്നേഹിച്ച് അവർക്കുവേണ്ടി പ്രാർത്ഥിക്കണം.

★

# സ്നാനം ആർക്ക്

**ആൻടി കീസെർ**

ആളുകൾ ഏതു പ്രായത്തിലായാലും അനുസരിക്കുന്നതു നല്ലതാണ്. എന്നാൽ ദൈവത്തെ അനുസരിക്കുന്ന കാര്യമാണ് ഇവിടെ പറയുന്നത്. ചിലർ യുവാക്കളായിരിക്കുമ്പോൾ ദൈവത്തെ അനുസരിക്കും. മററു ചിലർ പ്രായമായിരിക്കുമ്പോഴായിരിക്കും. ദൈവത്തെ അനുസരിക്കുക എന്നതാണ് മുഖ്യമായ കാര്യം. ക്രിസ്ത്യാനിത്വം പഠിപ്പിക്കുന്ന അഥവാ പ്രബോധിപ്പിക്കുന്ന ഒന്നാണ്. ഒരാൾ ക്രിസ്ത്യാനിയായി തീരുന്നതിനു മുൻപ് അതെന്താണെന്നു അറിയണം. ശിശുക്കളെക്കൊണ്ടു പ്രായപൂർത്തിയായവർ ചെയ്യിക്കുന്ന ഒന്നാണല്ലൊ ശിശുസ്നാനം. അവരുടെ സമ്മതമോ അറിവോ കൂടാതെ ചെയ്യിക്കുന്ന ഒരു പ്രവർത്തിയാണത്. അതു തെററായ ഒന്നാണ്. രക്ഷിക്കപ്പെട്ടിട്ടുള്ളവർക്കു വേണ്ടിയുള്ളതല്ല സ്നാനം. കർത്താവിൻെറ സഭയിലുള്ളവർക്കു വേണ്ടിയുള്ളതല്ല സ്നാനം. പിന്നെ ആരാണ് സ്നാനത്തിനുള്ളവർ. ആർക്കു വേണ്ടിയാണ് സ്നാനം എന്നതു വളരെ പ്രാധാന്യമുള്ള ചോദ്യമാണ്. അതേ സമയം അതു ദൈവ കല്പനയാണ്. ദൈവത്തിൻെറ അരുളപ്പാടുകളെ നമുക്ക് പരിശോധിക്കാം.

## യേശുക്രിസ്തുവിൻെറ സുവിശേഷം കേട്ടവർക്കാണ് സ്നാനം വെച്ചിരിക്കുന്നത്.

സുവിശേഷം എല്ലാവരും കേൾക്കണം. എന്താണ് സുവിശേഷം ? യേശുവിൻെറ മരണം, അടക്കം, ഉയിർപ്പ് എന്നിവയാണ് സുവിശേഷം. പാപികൾക്കുവേണ്ടി യേശു മരിക്കുകയാണ് ചെയ്തതു. പാപത്തിൻെറ ശിക്ഷ അവൻ ഏററു വാങ്ങി. അവൻെറ ഭൗതിക ശരീരം അടക്കം ചെയ്തു. എന്നാൽ അവൻ ഉയിർത്തെഴുന്നേല്ക്കയുണ്ടായി. ഇതെങ്ങനെ നല്ല വാർത്തയായി തീർന്നു ? അവൻെറ ഈ

യാഗത്തിൽ ദൈവം പ്രസാദിച്ചു. പാപനിവാരണ മാർഗ്ഗമായി അംഗീകരിക്കപ്പെട്ടു. സ്വർഗ്ഗത്തിലേക്കുള്ള പ്രവേശനം സാദ്ധ്യമാക്കി. ഈ അവസരം ഭാഗ്യകരമായ ഒന്നു തന്നെയാണ്. ഈ സത്യവഴി ആളുകൾ അറിയണം. അതിനായിട്ടാണ് സുവിശേഷം സകല മനുഷ്യരോടും അറിയിക്കുന്നത്. സഭ ആരംഭിക്കുന്നതിനു തൊട്ടു മുൻപുള്ള സുവിശേഷ പ്രസംഗം ശ്രദ്ധിച്ചാൽ ആ യാഥാർത്ഥ്യം മനസിലാകും. അവനിൽ വിശ്വസിക്കുന്ന ഏവർക്കും അവൻ ഈ പുതുവഴി തുറന്നു കൊടുക്കുകയാണ് (പ്രവൃത്തി 2: 22-36).

അപ്പോസ്തലന്മാരുടെ പ്രസംഗങ്ങളിൽ എല്ലാം തന്നെ ഈ സന്ദേശം ഉൾക്കൊണ്ടിരുന്നു. "നസറായനായ യേശുവിനെ ദൈവം പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്തതും ദൈവം അവനോടുകൂടെ ഇരുന്നതുകൊണ്ടു അവൻ നന്മ ചെയ്തും പിശാചു ബാധിച്ചവരെ ഒക്കെയും സൗഖ്യമാക്കിയും കൊണ്ടു സംസാരിച്ചതുമായ വിവരം തന്നെ നിങ്ങൾ അറിയുന്നുവല്ലോ. യെഹൂദ്യദേശത്തിലും യെരൂശലേമിലും അവൻ ചെയ്ത സകലത്തിനും ഞങ്ങൾ സാക്ഷികൾ ആകുന്നു. അവനെ അവർ മരത്തിന്മേൽ തൂക്കിക്കൊന്നു. ദൈവം അവനെ മൂന്നാം നാൾ ഉയിർത്തെഴുന്നേല്പിച്ചു" (പ്രവൃത്തി 11:38-40). യേശു തുടർന്നു അപ്പൊസ്തലന്മാർക്കും മറ്റു അഞ്ഞൂറിലധികം പേർക്കും പ്രത്യക്ഷനായി. അങ്ങനെ യേശുവിന്റെ അധികാരം എല്ലാവരും തിരിച്ചറിയണം. പാപമോചനത്തിനുള്ള അധികാരം മറ്റാർക്കുമില്ല. അതു യേശുവിൽ മാത്രം നിക്ഷിപ്തമാണ്. യെഹൂദന്മാരും യവനന്മാരും ജാതികളും എല്ലാവരും ഒരു വ്യത്യാസവുമില്ലാതെ യേശുവിന്റെ വചനം കേട്ടു വിശ്വസിക്കണം. യേശു ക്രിസ്തുവാണെന്നു എല്ലാവരും അറിയുവാൻ അതു അത്യാവശ്യമാണ്. ആരും പ്രസംഗിക്കാതെ എങ്ങനെ ആളുകൾ കേൾക്കും ? ആരും അയക്കാതെ എങ്ങനെ പ്രസംഗിക്കും (റോമർ 10:14-17).

## വിശ്വസിച്ച് ക്രിസ്തുവിൽ ആശ്രയിക്കുന്നവനാണ് സ്നാനം ആവശ്യം

വിശ്വാസം ഒരാളിൽ വരുവാനായിട്ടാണ് സുവിശേഷം പ്രസംഗിക്കുന്നത്. ഏതെങ്കിലും ഒരു കാര്യം ഉള്ളിൽ ദൃഢപ്പെടുത്തുന്നതിനെയാണ് വിശ്വാസം എന്നു പറയുന്നത്. യേശു ദൈവപുത്രനാണെന്നു ഹൃദയത്തിൽ ഉറപ്പിക്കണം. അതിനുള്ള തെളിവുകൾ ആണ് ദൃക്സാക്ഷികൾ രേഖപ്പെടുത്തിയിരിക്കുന്നത് (യോഹന്നാൻ 6:69; എബ്രായർ 11:1). വിശ്വാസത്തിൽ നിന്നാണ് പ്രത്യാശ ഉളവാകുന്നത്. വിശ്വാസം കൂടാതെ ആർക്കും ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാദ്ധ്യമല്ല (എബ്രായർ 11:6). ഐത്യോപ്യനായ ഷണ്ഡൻ സുവിശേഷകനായിരുന്ന ഫിലിപ്പൊസിനോടു: എനിക്കു സ്നാനമേല്ക്കുവാൻ എന്തു വിരോധം എന്നു ചോദിക്കുന്നുണ്ട്. അതിനു ഫിലിപ്പൊസ്: പൂർണ്ണ ഹൃദയത്തോടെ വിശ്വസിക്കുന്നു എങ്കിൽ ആകാം എന്നു പറഞ്ഞു (പ്രവൃത്തി 8:36-37).

## തന്റെ പാപത്തിൽ നിന്ന് മാനസാന്തരപ്പെട്ട ആൾക്കാണ് സ്നാനം

തത്വത്തിലും പരിശീലനത്തിലും വന്നു പോയ തെററുകൾ മാററി ദൈവ വഴിയിൽ തന്നെ സഞ്ചരിക്കുവാനുള്ള ഒരു മാററം ഉണ്ടാകണം. ധാർമ്മികമായ തെററുകളും മതപരമായ തെററുകളും ഉപേക്ഷിച്ച് ദൈവത്തിങ്കലേക്കു തിരിയണം. മാനസാന്തരപ്പെടാഞ്ഞാൽ എല്ലാവരും അങ്ങനെ തന്നെ നശിച്ചു പോകും എന്നു കർത്താവു പറഞ്ഞിരിക്കുന്നു (ലൂക്കൊസ് 13:3). മാനസാന്തരപ്പെട്ടു പാപങ്ങളിൽ നിന്നു തിരിഞ്ഞുകൊൾവാൻ പ്രവൃത്തികളുടെ പുസ്തകത്തിൽ പറഞ്ഞിട്ടുണ്ട് (പ്രവൃത്തി 3:19). അപ്പോൾ മാനസാന്തരം ദൈവത്തിന്റെ കല്പനയാണ്. സ്നാനത്തിനായി ഒരുങ്ങുന്നവർ മാനസാന്തരപ്പെട്ടിട്ടുവേണം അതെടുക്കുവാൻ. അല്ലെങ്കിൽ സ്നാനം എടുക്കുന്നതുകൊണ്ടു പ്ര

യോജനം ഇല്ല മാനസാന്തരം വാക്കുകളിലോ ഉള്ളിലോ ഒതുങ്ങി നില്ക്കാനുള്ളതല്ല. അതു പ്രവൃത്തിയിൽ മററുള്ളവർക്കു ദൃശ്യമാകണം. സ്നാനപ്പെടുവാനുള്ള പകതയായി നമുക്കു ഇതിനെ കാണാം. വീണ്ടും പഴയതിലേക്കു തിരിയാത്ത രീതിയിലുള്ള ഒരു മാററമാണ് ഉണ്ടാകേണ്ടത്.

## കർത്താവിലുള്ള വിശ്വാസം ഏറ്റു പറയുന്നവനാണ് സ്നാനം ഏല്ക്കേണ്ടത്.

പരസ്യമായ ഏററു പറച്ചിൽ ആണ് ദൈവം ആഗ്രഹിക്കുന്നത്. ചിലർ രഹസ്യമായി സ്നാനപ്പെടുന്നവരുണ്ട്. ആരും അറിയരുതെന്നു കരുതി ചെയ്യുകയാണ് അവർ. അതു തെററായ പ്രവണതയാണ്. കർത്താവിലുള്ള അയാളുടെ വിശ്വാസം മൂടി വെക്കാൻ ആഗ്രഹിക്കുമ്പോൾ കർത്താവിനെ കുറിച്ചും കർത്താവിൻെറ ഉപദേശത്തെ കുറിച്ചും അയാൾ ലജ്ജിക്കുകയാണ് ചെയ്യുന്നത്. മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളി പറയുന്നവരെ ഞാനും പിതാവിൻെറ മുമ്പിൽ അവരെ തള്ളി പറയും എന്നു കർത്താവു മുന്നറിയിച്ചിരിക്കുന്നു. മനുഷ്യരുടെ മുമ്പിൽ നാം അവനെ ലജ്ജിച്ചാൽ കർത്താവു പിതാവിൻെറ മുമ്പിൽ നമ്മെ കുറിച്ചും ലജ്ജിക്കും (റോമർ 10:10; മത്തായി 10:32). ഐത്യോപ്യക്കാരനായിരുന്ന ഷണ്ഡൻ തൻെറ വിശ്വാസം ഏററു പറഞ്ഞിട്ടാണ് സ്നാനം ഏററത്. പൂർണ്ണമായ വിശ്വാസം ഉള്ള ഒരാൾ ഈ വിശ്വാസം ഏററു പറയുവാൻ മടിക്കുകയില്ല.

## തിരിച്ചറിയാനുള്ള പ്രായമെത്തിയവർക്കാണ് സ്നാനം ആവശ്യം

നന്മയും തിന്മയും തിരിച്ചറിഞ്ഞശേഷം നിയമലംഘനം നടത്തുന്നവരാണ് ഭൂരിഭാഗവും. തിരിച്ചറിവില്ലാതെ ചെയ്യുന്നത് പാപമായി കണക്കിടുന്നില്ല. യേശുവിനെ നാം മാതൃകയായിട്ടെടുക്കുക.

★

# വിശ്വാസത്തിന്റെ വലിയ പരിശോധനകൾ

**W. A. ഹോളെ**

മനുഷ്യരുടെ വിശ്വാസം അളക്കുന്നതിനു ദൈവം മിക്കവാറും അവരെ പരീക്ഷിക്കാറുണ്ട്. വിശ്വാസം എങ്ങനെ വരും ? അനേകർ ധരിക്കുന്നതുപോലെ വിശ്വാസം അത്ഭുതകരമായി വരുന്ന ഒന്നല്ല. ഉത്തരത്തിനു നാം ദൈവത്തിന്റെ വെളിപ്പാടിനെ ആശ്രയിക്കുകയാണ് നല്ലത്. "ആകയാൽ വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു (റോമർ 10:17). അതിന്റെ ആരംഭത്തെ കുറിച്ചും ഉറവിടത്തെ കുറിച്ചും ഈ ലേഖകൻ വിശ്വസിക്കുന്നു. നിങ്ങൾ അതു വിശ്വസിക്കുന്നുവോ?

പ്രവൃത്തിയോടുകൂടിയ വിശ്വാസത്തിന്റെ അനവധി ഉദാഹരണങ്ങൾ എബ്രായ ലേഖനം പതിനൊന്നാം അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നുണ്ട്. പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജ്ജീവമാണ് (യാക്കോബ് 2:24-26). ഭൗതിക കണ്ണിന്റെ കാഴ്ച്ചയാൽ കാണാൻ സാദ്ധ്യമല്ലാത്ത കാര്യങ്ങളെ കാണുവാനും മനസിലാക്കുവാനും വിശ്വാസം സഹായകരമാണ്. പലതും നമ്മുടെ നഗ്ന നേത്രങ്ങളാൽ ദൃശ്യമല്ല. എങ്കിലും അവരുടെ നിലനില്പ് നമുക്കു നിഷേധിക്കാൻ സാദ്ധ്യമല്ല (2 കൊരിന്ത്യർ 4:16-18).

പുരാതന കാലത്തു ജീവിച്ചിരുന്ന പ്രമുഖരായ ദൈവമക്കൾ അവരുടെ വിശ്വാസം പ്രവൃത്തിയിൽ കാണിച്ചതായി ചരിത്രം വ്യക്തമാക്കുന്നുണ്ട്. ഹാബേൽ, നോഹ, അബ്രഹാം, ഇസഹാക്ക്, യാക്കോബ്, യോസേഫ് തുടങ്ങിയവർ ദൈവ കല്പനയെ അങ്ങനെ തന്നെ അനുസരിച്ചു. അവർക്കു ദൈവത്തിൽ പൂർണ്ണമായ വിശ്വാസമുണ്ടായിരുന്നു എന്ന തെളിവാണത്. അവരുടെ ജീവിതത്തിൽ എന്തെല്ലാം അഭിമുഖീകരിക്കേണ്ടി വന്നു എന്നതു കണക്കി

ലെടുക്കാതെ അവർ ദൈവത്തിൽ വിശ്വാസ്ത്തെ കാത്തു സൂക്ഷിച്ചു.

ഉദാഹരണമായി, നോഹ ദൈവത്തിൻെറ ചട്ടത്തെ അതേപടി അനുസരിച്ചു. അവനോടു ദൈവം ഒരു പെട്ടകം ഉണ്ടാക്കുവാൻ ആവശ്യപ്പെട്ടു. അവൻ അതു നിർവ്വഹിച്ചു (ഉല്പത്തി 2:14-22; എബ്രായർ 11:7). അബ്രഹാമിനു നേരിട്ട പരീക്ഷണം അവനു വാർദ്ധക്യത്തിൽ ജനിച്ച മകനെ ദൈവത്തിനു ബലിയായി അർപ്പിക്കുവാനായിരുന്നു. അവൻ അതിന്നു മടിക്കായ്കയാൽ അവൻ ആ ഘട്ടത്തെ വിജയിച്ചു (ഉല്പത്തി 22:1 മുതൽ; എബ്രായർ 11:17). മിസ്രയീമിൽ നിന്നു ഇസ്രായേൽ ജനത്തെ വിടുവിച്ചുകൊണ്ടു വരിക എന്നതായിരുന്നു മോശെക്കുണ്ടായിരുന്ന പരീക്ഷണം. അടിമത്വത്തിലായിരുന്ന ദൈവ ജനത്തെ ദൈവത്തിൻെറ കല്പനപ്രകാരം നയിച്ചുകൊണ്ടു വരുവാൻ അവൻ വിശ്വാസത്തോടെ തയ്യാറായി. ദൈവം അവനോടു കല്പിച്ചതൊക്കെയും അവൻ ചെയ്തു. അങ്ങനെ പരിശോധനകളെ അവൻ സഹിച്ചു (എബ്രായർ 11:23-29). വിശ്വാസത്താൽ ദൈവ ജനം ഏഴു ദിവസം യെരീഹോമതിലിനു ചുററും പ്രദക്ഷിണം വെച്ചശേഷം മതിൽ ഇടിഞ്ഞു പോയി. വിശ്വാസത്തോടൊപ്പം അനുസരണവും ചേർന്നു വന്നപ്പോഴാം അതിൻെറ ഫലം കാണുവാനിടയായി (എബ്രായർ 11:30).

എന്തുകൊണ്ടാണ് ഇന്നു നാം പഴയ നിയമ ഉദ്ധരണികാം എടുക്കുന്നത് ? പുതിയ നിയമകാലയളവിൽ അതിൻെറ പ്രസക്തി ദൈവം സൂചിപ്പിച്ചിട്ടുണ്ട്, അവ നമ്മുടെ ബുദ്ധിയുപദേശത്തിനായി തന്നിരിക്കുകയാണ്. അതു നാം വായിച്ചാൽ അവരുടെ വിശ്വാസവും അനുസരണവും നമുക്ക് പ്രചോദനമായി തീരും. ദൈവത്തോടു വിശ്വസ്തത പുലർത്തിയവർക്കു ലഭിച്ച പ്രതിഫലം നമുക്കു പാഠമാണ്. ദുഷ്ടത പ്രവർത്തിച്ചവർക്കു ലഭിച്ച ശിക്ഷ നമ്മെ മുന്നറിയിക്കുന്നതു നാമും ദുഷ്ടത പ്രവർത്തിച്ചാ

ൽ അതിൻെറ ശിക്ഷ തീർച്ചയായും ലഭിക്കും എന്നതാണ് (റോമർ 15:4; 1 കൊരിന്ത്യർ 10:11).

ക്രിസ്ത്യാനികൾ ഇന്നു പഴയ നിയമത്തിൻ കീഴിലല്ല (എഫെസ്യർ 2:14-16; കൊലൊസ്യർ 2:14-16). ഇസ്രയേൽ ജനത്തിനായി കൊടുത്ത പ്രമാണമായിരുന്നു പഴയ നിയമം. നാം ഇന്നു മൃഗയാഗം അർപ്പിക്കാത്തതിൻെറ കാരണം അതാണ്. ശബ്ബത്ത് ആചരിക്കുന്നില്ല, പെരുന്നാളുകൾക്കും ആരാധനക്കുമായി യെരുശലേമിൽ പോകുന്നില്ല. യേശുക്രിസ്തുവിൻെറ ഉപദേശമാണ് ഇന്നു ക്രിസ്ത്യാനികൾ അനുസരിക്കേണ്ടത്.

മൽക്കിസദെക്കിൻെറ ക്രമ പ്രകാരം മറ്റൊരു മഹാപുരോഹിതൻ വരുന്നതുകൊണ്ടു ന്യായപ്രമാണത്തിനുകൂടെ മാററം വരുവാൻ ആവശ്യമായിരുന്നു (എബ്രായർ 7:11-15). യെഹൂദാ ഗോത്രത്തിൽ നിന്നും വന്നവനായിരുന്നു യേശു. അവൻെറ പൗരോഹിത്യത്തെ കുറിച്ചു മോശെ ഒന്നും തന്നെ പറഞ്ഞിട്ടില്ല. ദൈവം പറഞ്ഞിട്ടില്ലാത്ത നിബന്ധനകൾ ആവശ്യപ്പെടുന്നതു പാപമാണ്. യേശുവിൻെറ മരണത്തോടുകൂടെ പഴയ നിയമം അവസാനിച്ചു (എബ്രായർ 9:14-17) എപ്പോഴാണ് പുതിയ നിയമം ആരംഭിച്ചത് ? യേശുവിൻെറ ഉയിർപ്പിനു ശേഷമുള്ള ആദ്യത്തെ പെന്തെകൊസ്തു നാളിൽ ആണ് (പ്രവൃത്തി 2). അന്നാണ് കർത്താവിൻെറ സഭ ആരംഭിച്ചത്. ആദ്യത്തെ സുവിശേഷ പ്രസംഗം നടന്നത് അന്നായിരുന്നു. രക്ഷിക്കപ്പെട്ടവരെ സഭയോടു ആദ്യമായി ചേർത്തതും അന്നായിരുന്നു (പ്രവൃത്തി 2:36-37). ഒരാളുടെ സ്വന്ത ഇഷ്ടപ്രകാരം തിരഞ്ഞെടുക്കാവുന്ന ഒന്നല്ല സഭ. അപ്പൊസ്തലന്മാരുടെ കാലയളവിലും കർത്താവാണ് സഭയോടു ആളുകളെ ചേർത്തതു. നാമധേയ വിഭാഗങ്ങൾ അന്നുണ്ടായിരുന്നില്ല. വിശുദ്ധ ബൈബിളിലെ ദൈവ വചനത്തിനപ്പുറം ചലിക്കുന്നവരാണ് എല്ലാ നാമധേയ വിഭാഗങ്ങളും. അതു ദൈവം ഇഷ്ടപ്പെടുന്നില്ല.

ഇന്നു പാപത്തിൽ ജീവിക്കുന്നവർക്കു പരീക്ഷണമുണ്ടോ ? ഉണ്ട്. മാനസികമായ ഒരടുപ്പം മാത്രമല്ല വിശ്വാസം. അനുസരണമുള്ള വിശ്വാസം ദൈവേഷ്ടത്തെ മാനിക്കും. നമ്മുടെ വിശ്വാസത്തെ ഒരിക്കലും പ്രവൃത്തിയിൽ നിന്നു മാററി നിർത്താവുന്നതല്ല. വിശ്വാസവും പ്രവൃത്തിയും ഒരുമിച്ച് പോകണം. പ്രവൃത്തി കൂടാതെ വിശ്വാസമോ, വിശ്വാസം കൂടാതെ പ്രവൃത്തിയോ പൂർണ്ണമല്ല. ഫലമില്ലാത്ത വിശ്വാസത്താൽ ആരും രക്ഷിക്കപ്പെടുന്നില്ല (യാക്കോബ് 2:18-26).

ബൈബിൾ, എല്ലാവരിൽ നിന്നും മാനസാന്തരം ആവശ്യപ്പെടുന്നില്ലേ ? ഉണ്ട്. എന്നാൽ നിരവധിപേർ മാനസാന്തരപ്പെടുവാൻ ആഗ്രഹിക്കുന്നില്ല. മദ്യപാനം, വെറിക്കൂത്ത്, വ്യഭിചാരം, കൊല എന്നിവയെ ഇഷ്ടപ്പെടുന്നവർക്കു വിശ്വാസം ഉണ്ടെന്നു എങ്ങനെ പറയാം ? ദൈവ മക്കളെ തെററിക്കുവാൻ എല്ലാ തന്ത്രങ്ങളും ഒരുക്കുന്നവനാണ് പിശാച് (ഇയ്യോബ് 1:6-12). അശുദ്ധാത്മാക്കൾ ധാരാളമുണ്ട് (മത്തായി 8:28). ഭോഷ്ക്കു പറയുന്നവനും, വഞ്ചകനും കുലപാതകിയുമാണ് പിശാച് (യോഹന്നാൻ 8:44; 1 പത്രോസ് 5:8; വെളിപ്പാട് 12:8).

ഏററുപറച്ചിലും സ്നാനവും വിശ്വസിക്കുന്നവർ തിരുവെഴുത്തിൻ പ്രകാരം അനുസരിക്കും. വായികൊണ്ടു ഏററു പറയുവാൻ ലജ്ജിക്കുന്നവൻ പരീക്ഷണത്തിൽ പരാജയപ്പെടുന്നു. സ്നാനപ്പെടാൻ മടിക്കുന്നവർ തങ്ങൾക്കു നേരിടുന്ന പരിശോധനയിൽ പരാജയപ്പെടുന്നു (റോമർ 10:9-10). ദൈവത്തെ പ്രസാദിപ്പിക്കുക എന്നതായിരിക്കണം എല്ലാവരുടേയും ലക്ഷ്യം (യോഹന്നാൻ 6:28-29; റോമർ 6:3,4; 1 പത്രോസ് 3:21).

★

# ദൈവത്തിൻെറ മറന്നുപോയ പുത്രൻ

**അലെൻ വെബ്സ്റ്റർ**

ഒരു സഭാ കെട്ടിടത്തിലേക്കു കടന്നു വന്ന ഒരു മനുഷ്യൻ അവിടത്തെ ശുശ്രൂഷകനോടു ചില ആത്മീയ നിർദ്ദേശങ്ങൾ ആരായുകയുണ്ടായി. ഉപദേഷ്ടാവ്, വന്നയാളുടെ മതപരമായ പശ്ചാത്തലത്തെ കുറിച്ചു ചോദിച്ചു. ഞാൻ വളരെ ചെറുപ്പത്തിൽ സൺഡെ സ്കൂളിൽ പോയിട്ടുണ്ട്. എന്നാൽ ബൈബിളിലെ ഒരു വാക്യം മാത്രമെ ഞാൻ ഓർക്കുന്നുള്ളു. യോഹന്നാൻ മൂന്നാം അദ്ധ്യായം പതിനാറാം വാക്യമാണ് എന്നു പറഞ്ഞിട്ടു അതു വിശദീകരിച്ചു; ദൈവം തൻെറ മറന്നുപോയ മകനെ നല്കുവാന്തക്കവണ്ണം ലോകത്തെ സ്നേഹിച്ചു എന്നു പറഞ്ഞു നിർത്തി. അദ്ദേഹത്തിനു തെററു പററിയതാണ് എന്നു നമുക്കറിയാം. എന്നാൽ ഇന്നു ദൈവത്തിൻെറ ഏക ജാതനായ പുത്രനെ പലരും മറന്നുപോകുകയാണ്. ഇതിൻെറ കാരണങ്ങളിലേക്കു നമ്മുടെ ശ്രദ്ധയെ തിരിക്കാം.

## അവൻെറ വചനം നിഷേധിക്കുമ്പോൾ യേശുവിനെ മറക്കുന്നു

എന്നെ തള്ളി കളഞ്ഞു എൻെറ വചനത്തെ കൈക്കൊള്ളാതിരിക്കുന്നവനെ ന്യായം വിധിക്കുന്നവൻ ഉണ്ട് എന്നു കർത്താവു ഓർമ്മിപ്പിക്കുന്നു (യോഹന്നാൻ 12:48). പരീക്ഷയിൽ പരാജിതനാകും എന്ന ഭയത്താൽ പരീക്ഷ എഴുതാതിരുന്ന ഒരു കുട്ടിയെ ഞാൻ ഓർക്കുന്നുണ്ട്. മുൻ പരീക്ഷകളിലെ പ്രയാസമേറിയ ചോദ്യങ്ങൾ കാണിച്ചുകൊണ്ട് അദ്ധ്യാപകൻ ക്ലാസിൽ കുട്ടികളോടു നന്നായി പഠിക്കുവാൻ പറഞ്ഞു. അതു കേട്ട ഈ കുട്ടി വിചാരിച്ചു ഇങ്ങനെയാണെങ്കിൽ പരീക്ഷ എഴുതാതിരിക്കാ

മെന്ന്. എന്നാൽ സംഭവിച്ചതെന്തെന്നാൽ ആ അവനു പരീക്ഷക്കുള്ള ചോദ്യങ്ങൾ മിക്കവയും എളുപ്പമുള്ളതായിരുന്നു. പരീക്ഷ എഴുതാതിരുന്ന അവൻെറ മൗഢ്യത്തെ പഴിച്ചുകൊണ്ട് അവൻ നാടു വിട്ടുപോയി. ഏതൊരു കാര്യത്തിലും ശുഭാപ്തി വിശ്വാസത്തെ നാം മറക്കരുത്. കണ്ണടച്ച് ഒന്നിനേയും തള്ളികളയരുത്. നിഷേധം വേദനിപ്പിക്കുന്നതാണ്. യേശുവിനെ നിഷേധിക്കുമ്പോൾ അവനതു വേദനയുണ്ടാക്കുന്നു. മനുഷ്യരുടെ രക്ഷക്കായി വേദന സഹിച്ചു യാഗമായി തീർന്ന യേശുവിനെയാണ് അവർ നിരസിക്കുന്നതു. അവരുടെ ജീവിതത്തിനു വേണ്ടിയുള്ള നിത്യമായ പദ്ധതിയെയാണ് ആളുകൾ തള്ളി കളയുന്നത്. അനുസരിച്ചശേഷം ഒരാൾ മന:പൂർവ്വമായി അവനെ ഉപേക്ഷിച്ച് ലോകത്തിലേക്കു പോകുമ്പോൾ അവർ വീണ്ടും മനുഷ്യ പുത്രനെ ക്രൂശിക്കുന്നവർ ആകും; അവർ അവനു ലോകാപവാദം വരുത്തുന്നവരുമാണ് (എബ്രായർ 6:6)

## അവൻെറ വചനത്തെ ഉപേക്ഷിക്കുമ്പോൾ യേശുവിനെ മറക്കുന്നു

എങ്കിലും വചനം കേൾക്ക മാത്രം ചെയ്തുകൊണ്ടു തങ്ങളെത്തന്നെ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ. ഒരുത്തൻ വചനം കേൾക്കുന്നവൻ എങ്കിലും ചെയ്യാത്തവനായിരുന്നാൽ അവൻ തൻെറ സ്വാഭാവികമുഖം കണ്ണാടിയിൽ നോക്കുന്ന ആളോടു ഒക്കുന്നു. അവൻ തന്നെത്താൻ കണ്ടു പുറപ്പെട്ടു താൻ ഇന്ന രൂപം ആയിരുന്നു എന്നു ഉടനെ മറന്നു പോകുന്നു. സ്വാതന്ത്ര്യത്തിൻെറ തികഞ്ഞ ന്യായപ്രമാണം ഉററു നോക്കി അതിൽ നിലനില്ക്കുന്നവനോ കേട്ടു മറക്കുന്നവനല്ല, പ്രവൃത്തി ചെയ്യുന്നവനായി, താൻ ചെയ്യുന്നതിൽ ഭാഗ്യവാൻ ആകും (യാക്കൊബ് 1:22-25). സ്വാഭാവികം എന്ന വാക്കുകൊണ്ടു ഉദ്ദേശിക്കുന്നതു ആരംഭത്തിൽ, ജനനത്തിൽ എന്നതാണ്. കണ്ണാടി പ്രതിബിംബം അല്ലെങ്കിൽ പ്രതിരൂപം കാണുവാനായിട്ടാ

ണ് നാം അതിൽ നോക്കുന്നത്. അഴുക്കു പുരണ്ട മുഖമാണോ എന്നു തിരിച്ചറിയാനും നമ്മുടെ ഭംഗി നേരിട്ട് അറിയുന്നതിനും നാം കണ്ണാടി ഉപയോഗിക്കുന്നു. ആദ്യകാലയളവിൽ ലോഹം കൊണ്ടുള്ള കണ്ണാടിയാണ് ഉപയോഗിച്ചിരുന്നത്. ഇന്നു നാം ഉപയോഗിക്കുന്നത് ചില്ലുകൊണ്ടുള്ള കണ്ണാടിയാണ്.

ലേഖകൻ ഉദ്ദേശിച്ച അർത്ഥം, നാം ആത്മീയമായി ജനിച്ച സമയത്തു നമ്മുടെ ആത്മീയ രൂപം എങ്ങനെയിരുന്നു എന്നു നാം തിരിച്ചറിയുന്നതു വചനം നിരന്തരമായി പഠിക്കുന്നതിലൂടെയാണ്. വചന വായനയില്ലാത്തവർ തങ്ങളുടെ ആത്മീയ രൂപം എങ്ങനെയായിരുന്നു എന്നു മറക്കുന്നു. കാരണം അവരിൽ വചനപ്രകാരമുള്ള ജീവിതമില്ല. വചനം കേൾക്കുക മാത്രം ചെയ്താൽ പോര എന്നർത്ഥം. നമ്മുടെ പ്രവർത്തിയിൽ അതു കാണണം. ജീവിതത്തിൽ ഇല്ലെങ്കിൽ നാം കേട്ടു മറക്കുന്നവരായി പോകും. ദൈവ വചനത്തിൽ കൂടെ നാം നമ്മുടെ ആത്മീയ രൂപം കണ്ടുകൊണ്ടിരിക്കണം. അഴുക്കും മാലിന്യവും ഉടനെ നീക്കം ചെയ്യുവാൻ അതു കൂടിയേ തീരു. വചനം കൂടാതെ അതു കണ്ടെത്തുവാൻ മറ്റു മാർഗ്ഗമില്ല. വചന പഠനം ഉപേക്ഷയായി വിചാരിച്ചാൽ ജീവിതം നിരർത്ഥകമായി തീരും. അതു നാം മറക്കരുത്.

## സൽപ്രവൃത്തികൾ മറക്കുമ്പോൾ യേശുവിനെ മറക്കുന്നു

നന്മ ചെയ്യുവാനാണ് ക്രിസ്തു സകല മനുഷ്യരോടും ആവശ്യപ്പെട്ടിരിക്കുന്നത്. വിശേഷിച്ച് അവനെ അനുഗമിക്കുന്നവർ പുറത്തുള്ളവർക്കു മാതൃകയായിരിക്കണം. സൽപ്രവൃത്തികളിൽ നാം മുമ്പന്മാരാകണം. നന്മ ചെയ്‌വാനും കൂട്ടായ്മ ആചരിപ്പാനും മറക്കരുത്. ഈവക യാഗത്തിലല്ലൊ ദൈവം പ്രസാദിക്കുന്നത് (എബ്രായർ 13:16). പങ്കിടൽ എന്ന മനോഭാവം നമ്മിൽ ഉണ്ടായിരി

ക്കണം. നന്മ ചെയ്‌വാനറിഞ്ഞിട്ടും അതു ചെയ്യാത്തവനു പാപമത്രേ എന്നു യാക്കൊബ് പറയുന്നുണ്ട് (യാക്കൊബ് 4:17). സാമൂഹ്യ സേവനത്തിലേർപ്പെട്ടിരിക്കുന്ന ധാരാളം പേർ ലോകത്തിലുണ്ട്. ജീവകാരുണ്യ പ്രവർത്തനം നല്ല പ്രവർത്തിയാണ്. പക്ഷെ അതു നിസ്വാർത്ഥമായി ചെയ്യേണ്ടതാണ്. ദൈവേഷ്ടം അനുസരിക്കാതെ വെറും പുണ്യപ്രവർത്തികൾ മാത്രമായാൽ അതു ദൈവം ഉദ്ദേശിക്കുന്ന ഫലത്തിൽ എത്തുകയില്ല.

സഹോദരപ്രീതിയും അതിഥി സൽക്കാരവും ഇതിൽ ഉൾപ്പെടുന്നു. മററുള്ളവരെ സന്തോഷിപ്പിക്കാനുതകുന്ന ഒന്നാണ് സൽപ്രവൃത്തി. സ്വന്തം കാര്യങ്ങൾ കണക്കിലെടുക്കാതെ അതു ചെയ്യുന്നവർ ധാരാളമുണ്ട്. അപരിചിതരാണെങ്കിലും അവർക്കു വേണ്ട സഹായം ചെയ്യുവാനുള്ള മനോഭാവം നമ്മിൽ ഉണ്ടായിരിക്കണം. വിശുദ്ധന്മാരുടെ ശുശ്രൂഷ ഏറെറടുത്ത സ്ത്രീകളെ നാം ബൈബിളിൽ വായിക്കുന്നുണ്ട്. ദൈവാത്മാവിനാൽ ഉത്തേജിതരായ അവർ തങ്ങളുടെ ജീവിതം നന്മ ചെയ്യുവാനായി മാററി വെച്ചു.

## ലോകത്തെ സ്നേഹിക്കുമ്പോൾ യേശുവിനെ മറക്കുന്നു

എല്ലാവരും പ്രഥമ സ്ഥാനം കൊടുക്കേണ്ടതു ദൈവത്തിനും അവൻെറ ഭരണത്തിനുമായിരിക്കണം. കാരണം ദൈവം നമ്മുടെ സൃഷ്ടികർത്താവും പിതാവുമാണ്. അവനിൽ നിന്നു നമ്മുടെ മനസ് തിരിയുമ്പോൾ ലോകം നമ്മെ പിടികൂടും. ലൗകികമായ ആകർഷണം നമ്മെ മോഹിപ്പിക്കും. ആ മോഹം നമ്മെ വഞ്ചിപ്പിക്കുന്നതാണ്. ലോകത്തെയും അതിലുള്ളതിനേയും സ്നേഹിക്കരുത് എന്നു ദൈവം അരുളിച്ചെയ്തിരിക്കുന്നു.

*

# യേശു ഏതുപോലെ ആയിരുന്നു

ജോണി രാംസെ

ആദ്യത്തെ നാലു പുതിയ നിയമ പുസ്തകത്തിൽ യേശുവിൻെറ ജീവചരിത്രത്തെ വിശദീകരിച്ചിരിക്കുന്നതു ഞാൻ ശ്രദ്ധയോടെ വായിച്ചപ്പോൾ വ്യക്തിപരമായി അതിലെ വെളിപ്പെടുത്തലുകൾ എന്നെ ചിന്തിപ്പിച്ചു. ക്രിസ്തുവിൻെറ ഈ ഭൂമിയിലെ യാത്ര എന്നെ ബോധ്യപ്പെടുത്തിയ കാര്യം എന്തെന്നാൽ വളരെയധികം ആളുകൾ അവരുടെ ജീവിതത്തെ മാററുവാൻ ബൈബിളിനെ അനുവദിച്ചില്ല എന്നതാണ്. കാരണം അവരുടെ സങ്കല്പങ്ങളും സ്വപ്നങ്ങളും ബൈബിളിൽ നിന്നും വ്യത്യസ്തമായിരുന്നു. സമുദായം എടുത്തു കാണിക്കുന്ന രക്ഷകനല്ല വേദപുസ്തകത്തിലേത്. യജമാനനും ഗുരുവുമായ യേശുവിനെയാണ് മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ എന്നിവർ എടുത്ത് കാണിക്കുന്നത്. സഭയിൽ പോലും ചിലർ ഈ വീണ്ടെടുപ്പുകാരനെ പ്രതിപാദിക്കുന്ന രീതി തെററാണ്. അതു ജനങ്ങളിൽ തെററിദ്ധാരണ വളർത്തും. ധാരാളം ആളുകൾ യേശുവിനെ ഒരു മധുരം പകരുന്ന ക്ഷമാശീലനായ ഒന്നും ആവശ്യപ്പെടാത്ത വ്യക്തിയായി ചിത്രീകരിക്കുന്നുണ്ട്. എന്നാൽ യേശുവിൻെറ മറെറാരു വശം അവർ മൂടി വെക്കുന്നു. ദേവാലയത്തെ കച്ചവട സ്ഥാപനമാക്കിയവരെ യേശു ചാട്ടവാറുകൊണ്ട് അടിച്ചു ഓടിച്ചു. ഹൃദയ കാഠിന്യമുള്ള മനുഷ്യരുടെ ഇത്തരം പ്രവൃത്തിയിൽ അവൻ രോഷാകുലനായി.

യേശു തൻെറ ഗിരിപ്രഭാഷണത്തിൽ നമുക്കു ഊഹിക്കാൻ കഴിയുന്നതിനു അപ്പുറമായി വെല്ലുവിളി ഉയർത്തുന്ന ആവശ്യങ്ങൾ അവൻ ഉന്നയിച്ചിട്ടുണ്ട്. യേശുവിൽ ഭക്തി അർപ്പിച്ചിരുന്നവർക്കു പോലും തിരിച്ചറിയാൻ കഴിയാത്ത നിബന്ധനകൾ അതിൽ കാണാം. പലരും അ

തു തുറന്നു സമ്മതിക്കാൻ മടിക്കുമെങ്കിലും യേശു ഊന്നി പറഞ്ഞിട്ടുള്ള ആവശ്യങ്ങൾ വളരെയുണ്ട്.

കർത്താവിൻെറ കോപത്തിൻെറ ഉദാഹരണം ദർശിക്കുവാൻ മത്തായി ഇരുപത്തിമൂന്നാം അദ്ധ്യായം വായിച്ചാൽ മതി. ഈ വേദഭാഗത്ത് അവൻ യെഹൂദ മതാദ്ധ്യക്ഷന്മാർക്കു വരുന്ന നാശത്തേയും നരകയാതനയെയും പച്ചയായി തുറന്നു പറയുന്നുണ്ട്. അവർ മശിഹയെ അവസാനം തള്ളി കളയുമ്പോൾ അവർ തങ്ങളുടെ ആത്മീയമായ അവസ്ഥ ഫലമില്ലാത്തതാണെന്നു തെളിയിക്കുന്നു. ആലങ്കാരികമായി അന്നത്തെ ആലയം നശിക്കുമെന്ന അടയാളം നല്കുന്നുണ്ട്. അവരുടെ ആശ്രയവും താല്പര്യവും ഭൗതികമായ ആലയത്തോടായിരുന്നു. ആത്മാർത്ഥതയുള്ള ആർക്കും തന്നെ മത്തായി ഇരുപത്തിമൂന്നാം അദ്ധ്യായം വായിച്ചുകൊണ്ടു യേശു മനസ്സലിവും സ്നേഹവും മാത്രം ഉള്ളവനാണെന്നു പറയാൻ സാദ്ധ്യമല്ല. അകൃത്യത്തിനെതിരായ ദൈവ കോപത്തെ അവൻ കാണിച്ചില്ലെങ്കിൽ അതു ദൈവ നീതി ആകയില്ലല്ലൊ.

ദൈവത്തിൻെറ സ്ഥിരമായ സ്വഭാവത്തെ ബൈബിൾ ഓർമ്മിപ്പിക്കുന്നുണ്ട്. ജീവനുള്ള ദൈവത്തിൻെറ കൈകളിൽ വീഴുന്നതു അതി ഭയങ്കരമാണെന്നു എബ്രായ ലേഖകൻ രേഖപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയാണെന്നും പറഞ്ഞിട്ടുണ്ട്. ഒരു കുഞ്ഞാടായിട്ടു ഉപമിച്ചിരിക്കുന്ന കർത്താവിനെ ഒരു സിംഹമായിട്ടും ചിത്രീകരിച്ചിട്ടുണ്ട്. വെളിപ്പാടു പുസ്തകം അഞ്ചാം അദ്ധ്യായം വായിക്കുക.

ഒരു വശത്തു അവനിലെ ഭയപ്പെടുത്തുന്ന സ്വഭാവം വെളിപ്പെടുത്തുമ്പോൾ മറു ഭാഗത്തു അവൻെറ നിർവ്യാജമായ സ്നേഹം, മനസ്സലിവ്, ദീർഘക്ഷമ, കരുതൽ എന്നിവയും ഉള്ളത് നാം മറക്കരുത്. ഭൂരിഭാഗം പേരും കരുതുന്നതു ദൈവം സ്നേഹമുള്ളവൻ എന്നാണ്. ദൈവം

സ്നേഹമാണ്. അവന്റെ സ്നേഹത്തെ ആദരിക്കാതിരുന്നാൽ പിന്നെ എന്തു ചെയ്യും ? യേശുക്രിസ്തു സൗമ്യതയുള്ളവനാണ്. അവന്റെ കല്പനകൾ ഭാരമുള്ളവയല്ല. മൃദുവും ലഘുവുമാണ്. ലവദൊക്യാ സഭയ്ക്കു ദൂത് അറിയിക്കുമ്പോൾ പറയുന്നതു: ഞാൻ വാതില്ക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്നു അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും. ജയിക്കുന്നവന്നു എന്നോടുകൂടെ എന്റെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നല്കും. ശീതോഷ്ണവാനെ അവന്റെ വായിൽ നിന്നു ഉമിണ്ണുകളയും എന്നും പറഞ്ഞിട്ടുണ്ട്. യെഹൂദന്മാരോടു യേശു, തന്റെ നിത്യമായ ചിറകിൻ കീഴിൽ അഭയം തേടുവാനുള്ള ക്ഷണം നല്കിയിട്ടുണ്ട്. ക്ഷീണിച്ചവർക്കു വിശ്രമവും, ഹൃദയം നുറുങ്ങിയവർക്കു വേദനാ നിവാരണവുമായ രീതിയിൽ ഉള്ളതാണ് കർത്താവു മുഖാന്തരം ലഭിക്കുന്ന സ്വർഗ്ഗം നിത്യാശ്വാസം നല്കുന്ന രക്ഷകനാണ് നമുക്കുള്ളത്. എന്നാൽ രക്ഷിതാവിനെ തള്ളികളയുന്നവർക്ക് അവിടെ സ്ഥാനം ലഭിക്കുകയില്ല.

ദൈവത്തിന്റെ ആലോചനയെ വെളിപ്പെടുത്തുന്നവർ അസുഖകരമായ കാര്യങ്ങളെ അലക്ഷ്യമായി വിടരുത്. ദൈവത്തിന്റെ ആലോചന ഒട്ടും മറച്ചുവെക്കാതെ പൂർണ്ണമായി വെളിപ്പെടുത്തണം. പഴയ നിയമത്തിലെ പ്രവാചകനായ യിരമ്മ്യാവിനെ പോലെയും പുതിയ നിയമ കാലയളവിലെ അപ്പൊസ്തലനായിരുന്ന പൌലൊസിനെപോലെയും ധൈര്യത്തോടെ ദൈവത്തിന്റെ അരുളപ്പാടുകളെ മുഴുവനായും വെളിപ്പെടുത്തണം. പാപത്തിന്റെ ശിക്ഷയും നാശവും ഒഴിവാക്കുവാൻ തർജ്ജനവും ശാസനയും പ്രബോധനവും ആവശ്യമാണ്. ഇന്നു കർത്താവിന്റെ സുവിശേഷം കൈങ്കര്യം ചെയ്യുന്നവർ ദൈവത്തോടു പൂർണ്ണമായ നീതി പുലർത്തണം. ദൈവ വചനമെന്ന വിത്ത് വിതക്കുന്നതിനു മുൻപ് നിലത്തിലെ കളയും കല്ലും പെറു

ക്കി മാററുന്നതു നന്നായിരിക്കും. അല്ലെങ്കിൽ വിത്തിനു മുളെച്ചു വളരുവാൻ പ്രയാസമായിരിക്കും.

യേശുക്രിസ്തുവിൻെറ സന്ദേശം ലഭിച്ചവർ ആരും പറയുകയില്ല, അവൻ സദസ്യരെ പ്രീതിപ്പെടുത്തിയെന്നോ, സത്യത്തിനു വിട്ടുവീഴ്ച്ച ചെയ്തു സംസാരിച്ചവെന്നോ ? കാരണം അവൻെറ പ്രസംഗങ്ങൾ എല്ലാം ജനത്തിൻെറ പാപത്തെ ബോധ്യം വരുത്തുന്നതും പരിഹാരം മററൊന്നില്ല എന്നു സ്ഥിരീകരിക്കുന്നതുമായിരുന്നു. ക്രിസ്തു മൃദുല ഹൃദയനും ബുദ്ധിശാലിയും ആവശ്യങ്ങൾ ഉന്നയിക്കുന്നവനും ആണ്. സകല മനുഷ്യർക്കും വേണ്ടി മരണം ആസ്വദിച്ചവനാണ് നമ്മുടെ രക്ഷകൻ. അനേകരുടെ പേർ ജീവ പുസ്തകത്തിൽ നിന്നു നീക്കം ചെയ്യുകയും പിശാചിൻെറ ദൂതന്മാർക്കായി ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു തള്ളപ്പെടുകയും ചെയ്യും എന്നു മുന്നറിയിപ്പിട്ടുണ്ട്

എല്ലാവരേയും പ്രീതിപ്പെടുത്തുന്നതിനോ വൈപരീത്യം വെച്ചു പുലർത്തുന്നവരുമായി യോജിക്കാനോ അവൻ തയ്യാറായിരുന്നില്ല. അവൻ ഭൂമിയിലേക്കു വന്നതു മനുഷ്യരെ രക്ഷിക്കുന്നതിനാണ് (1 പത്രോസ് 2:21). നാം ക്രിസ്തുവിനെ പോലെ ആകുവാനാണ് നാം പഠിക്കുന്നത്. തെററിനെ ശാസിക്കയും ശിക്ഷിക്കുകയും ചെയ്യുന്ന കർത്താവിനെ നാം മനസിലാക്കണം. ദൈവ നീതി ശരിയായി ഉൾക്കൊള്ളണം. എല്ലാ സുവിശേഷങ്ങളിലും ലേഖനങ്ങളിലും ഉള്ള സകല സത്യവും നാം അറിയണം. അങ്ങനെ യഥാർത്ഥ യേശു ആരാണെന്നു അറിഞ്ഞു അവനെപോലെ ആയിതീരുകയും ചെയ്യാം. ക്രിസ്തുവിൽ വിശ്വസിച്ച് അവൻെറ കല്പനകളെ അനുസരിച്ച് നിത്യജീവൻ പ്രാപിക്കുക.

★

# ശിശുക്കളും പാപവും

## ഗ്ലെൻ കോളെ

ശിശുക്കൾ പാപത്തോടുകൂടെ ജനിക്കുന്നു എന്ന സിദ്ധാന്തം പരന്നിട്ട് വർഷങ്ങളേറെയായി. ദുരുപദേശങ്ങളിൽ മുഖ്യമായവയിൽ ഇതും പെടുന്നു. ആദ്യമായി ഇതു മനസിലാക്കുവാൻ ചില ചോദ്യങ്ങൾ ചോദിക്കുകയും അതിന്റെ ഉത്തരം കണ്ടെത്തുകയും ചെയ്താൽ കാര്യം എളുപ്പത്തിൽ മനസിലാകും. കുഞ്ഞുങ്ങൾ പാപത്തോടുകൂടിയാണോ ജനിക്കുന്നത് ? മറെറാരു രീതിയിൽ ചോദിച്ചാൽ കുട്ടികൾ ആദം ചെയ്ത പാപം പാരമ്പര്യമായി അവകാശമാക്കികൊണ്ടാണോ ഈ ലോകത്തിലേക്കു വരുന്നത് ? ചില ആളുകൾ അങ്ങനെയാണെന്നു വിശ്വസിക്കുന്നു. 1509 നും 1564 നും മദ്ധ്യേ ജീവിച്ച ജോൺ കാൽവിൻ, മത പരിഷ്ക്കർത്താവായിരുന്നു. ബഹുവിധ ഉപദേശങ്ങൾ അടങ്ങുന്ന അദ്ദേഹത്തിന്റെ മതസിദ്ധാന്തമാണ് ആദ്യമായി, ശിശുക്കൾ പാപത്തോടുകൂടെ ജനിക്കുന്നു എന്ന ഉപദേശം കൊണ്ടു വന്നത്. അദ്ദേഹം, തന്റെ പേരിൽ സഭ ഒന്നും ആരംഭിച്ചില്ലെങ്കിലും അദ്ദേഹത്തിന്റെ ഈ തെററായ ഉപദേശം പല സഭകളും സ്വീകരിച്ചു. നാമധേയ വിഭാഗങ്ങൾ അത്രയും പാപം പാരമ്പര്യമായി ലഭിക്കുന്നു എന്ന വിശ്വാസത്തിലാണ്.

മുൻവിധി എന്ന മറെറാരു ദുരുപദേശവുമായി ബന്ധപ്പെട്ടു കിടക്കുന്ന ഒന്നാണിത്. അതായതു നാം ജനിക്കുന്നതിനു മുൻപ് തന്നെ നമ്മിൽ ആരെല്ലാം രക്ഷ പ്രാപിക്കുമെന്നും ആരെല്ലാം നഷ്ടപ്പെടുമെന്നും വിധിക്കപ്പെട്ടു

കഴിഞ്ഞു എന്നതാണ് ഇവരുടെ വിശ്വാസം. കാൽവിനിസ്റ്റുകാർ വിശ്വസിക്കുന്നതു, നിങ്ങൾ നഷ്ടപ്പെടുവാൻ ജനിച്ചതാണെങ്കിൽ ഒരിക്കലും നിങ്ങൾക്കു ക്രിസ്തുവിങ്കലേക്കു വരുവാൻ സാദ്ധ്യമാകുന്നതല്ല; നിങ്ങൾ രക്ഷിക്കപ്പെടുവാൻ ജനിച്ചതാണെങ്കിൽ, നഷ്ടപ്പെടുവാന്തക്കവണ്ണം ജീവിക്കുവാനും സാദ്ധ്യമല്ല എന്നത്രെ. അതു ബൈബിളിലെ വാക്യങ്ങൾക്കു കടക വിരുദ്ധമാണ്. രക്ഷ സർവ്വ ലോകത്തിനുമായി ദൈവം ഒരുക്കിയിരിക്കുന്നു; സുവിശേഷം സർവ്വ ലോകത്തിലും പ്രസംഗിക്കാൻ കല്പിച്ചിരിക്കുന്നു. സകല സൃഷ്ടികളോടും സുവിശേഷം അറിയിക്കാൻ പറഞ്ഞിട്ടുണ്ട് (മർക്കൊസ് 16:15-16; തീത്തൊസ് 2:11-12). സകല മനുഷ്യർക്കും രക്ഷാകരമായ ദൈവ . കൃപ ഉദിച്ചുവല്ലൊ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആരും നശിച്ചു പോകുന്നതു ദൈവത്തിനിഷ്ടമല്ല എന്നും വെളിപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ടു ദൈവ കല്പനകൾക്കു എതിരാണ് ആ ഉപദേശം.

ഇനി ശിശുക്കളിലേക്കു മടങ്ങി വരാം. വേദഭാഗങ്ങളിൽ ഉള്ള ഉപദേശങ്ങൾക്കു എതിരായ വിശ്വാസമാണത്. ശിശുക്കളും അവരുടെ ആത്മാക്കളും എവിടെ നിന്നു വരുന്നു എന്ന ചോദ്യത്തിനു ഉത്തരം കണ്ടെത്തിയാൽ അതിന്റെ പൊള്ളത്തരം വ്യക്തമാകും. മക്കൾ ദൈവത്തിന്റെ ദാനവും ഉദരഫലം ദൈവത്തിന്റെ പ്രതിഫലവുമാണ്. നാം ദൈവത്തിന്റെ സന്താനം എന്നു വരികയാൽ ദൈവം മനുഷ്യന്റെ ശില്പവിദ്യയും സങ്കല്പവും കൊണ്ടു കൊത്തി തീർക്കുന്ന പൊൻ, വെള്ളി, കല്ലു എന്നിവയോടു സദൃശം എന്നു നിരൂപിക്കേണ്ടതല്ല (പ്രവൃത്തി 17:29). പൊടി

പണ്ടു ആയിരുന്നതുപോലെ പൊടിയിലേക്കും ആത്മാവ്, അതു നല്കിയ ദൈവത്തിങ്കലേക്കും ചെല്ലേണ്ടതാകുന്നു (സഭാപ്രസംഗി 12:7). ജഡ സംബന്ധമായ പിതാക്കന്മാർ നമ്മെ ശിക്ഷിച്ചപ്പോഴും നാം അവരെ വണങ്ങിപോന്നുവല്ലൊ; ആത്മാക്കളുടെ പിതാവിനു നാം ഏററവും അധികമായി കീഴടങ്ങി ജീവിക്കേണ്ടതല്ലയൊ ? (എബ്രായർ 12:9). നമ്മെ സൃഷ്ടിച്ചത് ദൈവമാണ്, അവനാണ് നമുക്കു മക്കളെ തരുന്നത്. പാപവും വെച്ച് ദൈവം മക്കളെ തരുമെന്നു നിരൂപിക്കുന്നതു തന്നെ തെററാണ്. തന്നെയുമല്ല, കർത്താവ് പറഞ്ഞതു: നിങ്ങൾ തിരിഞ്ഞു ശിശുക്കളെ പോലെ ആയി വരുന്നില്ല എങ്കിൽ നിങ്ങൾക്കു ആർക്കും ദൈവ രാജ്യത്തിൽ കടപ്പാൻ കഴികയില്ല (മത്തായി 18:3).

പക്ഷെ ആത്മാവല്ല ജഡമത്രെ പാപത്തിൽ ജനിക്കുന്നത് എന്നു ആരെങ്കിലും വാദിച്ചേക്കാം. അതിനു, വചനം ജഡമായി തീർന്നു നമ്മുടെ ഇടയിൽ വസിച്ചു (യോഹന്നാൻ 1:14). പിതാവിൻെറ ഏക ജാതനായി കൃപയും സത്യവും നിറഞ്ഞവനായിട്ടാണ് യേശു ജീവിച്ചത്. ജഡ ശരീരത്തിലായിരുന്നു യേശു ജീവിച്ചത്. ആർക്കു പറയാൻ കഴിയും യേശു പാപത്തോടു കൂടിയാണ് വന്നതെന്നു ? അവനിൽ പാപം ഒന്നുമില്ലായിരുന്നു. അതുകൊണ്ടു ജനനത്തിൽ പാപവുമായി ആരും വരുന്നില്ല. മനുഷ്യ വർഗ്ഗത്തിൻെറ കഴിഞ്ഞ കാല പാപം നാം അവകാശമാക്കുന്നില്ല (യെഹസ്ക്കേൽ 18:20). അവിടെ പറയുന്നതു പാപം ചെയ്യുന്ന ദേഹി മരിക്കും എന്നാണ്. അപ്പൻെറ പാപം മകനിലേക്കോ മകൻെറ പാപം അപ്പനിലേക്കോ വരുന്നില്ല. പാപം വ്യക്തിപരമാണ്.

ഇതിങ്കൽ ആശ്ചര്യപ്പെടരുത്; കല്ലറകളിൽ ഉള്ളവർ എല്ലാവരും അവൻെറ ശബ്ദം കേട്ടു, നന്മ ചെയ്തവർ ജീവനായും തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്‌വാനുള്ള നാഴിക വരുന്നു (യോഹന്നാൻ 5:

28-29). അവിടെ തിന്മ ചെയ്യുന്നവർ എന്നാണ് പറഞ്ഞിരിക്കുന്നത്. പാപം ചെയ്യുകയാണ്. അവകാശമാക്കുന്നതു സ്വന്ത പ്രവൃത്തിയാലാണ്. അല്ലാതെ മററൊരാളുടെ കുററം നമ്മിലേക്കു ചുമത്തുന്നതു നീതി ആകയില്ല. അനീതിയാകും. നീതിമാൻെറ നീതി അവൻെറമേലും ദുഷ്ടൻെറ ദുഷ്ടത അവൻെറമേലും ഇരിക്കും. ദൈവം നീതിമാനാണ്; അതു മനസിലാക്കാതെ മനുഷ്യർ ദൈവ നീതിയെ മറിച്ചു കളഞ്ഞിരിക്കയാണ്.

കുട്ടികളിൽ പാപം ഉണ്ടെന്നു പറഞ്ഞാണ് ചിലർ ശിശുക്കൾക്കു മാമോദീസ അല്ലെങ്കിൽ ജ്ഞാനസ്നാനം കൊടുക്കുന്നത്. അടിസ്ഥാനം തെററിയാൽ പിന്നെ കെട്ടിപ്പൊക്കുന്നതെല്ലാം തെററിപോകും എന്നതിൻെറ തെളിവാണിത്. കുട്ടികളിൽ പാപമില്ലാത്തതിനാൽ അവർക്കു പാപ മോചനം ആവശ്യമില്ല. പാപമോചനം പാപികൾക്കാണ് വെച്ചിരിക്കുന്നത്. പാപം ചെയ്യുന്നവരാണ് പാപികൾ. ശിശുക്കളെ എൻെറ അടുക്കലേക്കു വരുവിൻ; അവരെ തടയരുത് എന്നു കർത്താവു പറഞ്ഞു. നിഷ്കളങ്കരും വിശുദ്ധരുമായ ശിശുക്കൾ പാപരഹിതരാണ് എന്നു ഉറപ്പിക്കാം. അതിൽ യാതൊരു സംശയവും വേണ്ട. കുട്ടികൾ വളരുമ്പോൾ അവർക്കു കർത്താവിൻെറ പത്ഥ്യോപദേശം പഠിപ്പിച്ചുകൊടുക്കണം. അവർ പിന്നീട് പാപം ചെയ്യുമ്പോൾ അവർക്കു പാപ മോചനത്തിനായി ദൈവം കല്പിച്ച കല്പനകൾ അനുസരിക്കേണ്ടതുണ്ട്. അല്ലാതെ ശിശുവായിരിക്കുമ്പോൾ അവർക്കു പാപവുമില്ല, ശിക്ഷയുമില്ല. ആകയാൽ കുട്ടികളെ ആവശ്യമില്ലാത്തതും ദൈവഹിതത്തിനു വിപരീതവുമായ ഒന്നും ചെയ്യിക്കാതിരിക്കുക. അവർ ദൈവ രാജ്യത്തിനു അവകാശികളാണ്. ബാല്യത്തിൽ മരിക്കുന്നവരുടെ ആത്മാക്കൾ ദൈവ സന്നിധിയിൽ എത്തും എന്നതാണ് സത്യം.

★

**YOUR ATTENTION PLEASE !**

# Radio Srilanka Broadcasts

**ENGLISH** - The Voice of Truth - Speakers: **Reggi Gnanasundaram** and **J. C. Choate**
All correspondence should be sent to The Voice of Truth.
Post Box 3815, New Delhi - 110 049.
Fridays - 7.45 to 8.00 P.M.

**HINDI** - Satya Susamachar-Speaker. **Sunny David.**
All correspondence should be sent to
Satya-Susamachar.
Post Box 3815, New Delhi - 110 049.
Sundays - 8.45 to 9.00 P.M.
Tuesdays - 9.00 to 9.15 P.M.
Thursdays - 9.00 to 9.15 P.M.

**TELUGU** - The Voice of Truth-Speaker: **Joshua Gootam**
All correspondence should be sent to The Voice of Truth
Post Box 80, Kakinada - 533 001.
Sundays - 2.00 to 2.15 P.M.
Tuesdays - 2.00 to 2.15 P.M.
Thursdays - 2.00 to 2.15 P.M.

**TAMIL** - "The Way of Truth"-Speaker: **P. R. Swamy**
All correspondence should be sent to The Way of Truth
Post Box 8405, Bangalore - 560 084
Thursdays - 6.45 to 7.00 P.M.
Sundays - 6.45 to 7.00 P.M.

**MALAYALAM** - The Voice of Truth -Speaker: **P. K. Varghese**
All correspondence should be sent to Church of Christ
Trivandrum - 695 034, Kerala.
Fridays - 3.45 to 4.00 P.M.

**KANNADA** - The Voice of Truth - **Speaker : Robert Rathnakar** - Box. 448, Bangalore - 560 004
Sundays - 1.45 to 2.00 P.M.

**ALL ARE ENCOURAGED TO LISTEN**

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited: Printed and Published by P. K. Varghese Church of Christ Tvm : Printed at Joshah Printers, Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

*you are cordially invited*
To Attend
**Services and Bible Studies**

Sunday - 10.00 a.m.
Tuesday - 6.30 p.m.

Meeting place

**CHURCH OF CHRIST BUILDING**
Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695 034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum - 34, Kerala, South India.

To

From
**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram - 695 034
Phone : 443378